# കേരള വനം വകുപ്പ്

## നെന്മാറ ഫോറസ്റ്റ് ഡിവിഷൻ

KFDDO/55645/2025/DFONMR/A1

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം,
നെന്മാറ, പാലക്കാട് ജില്ല-678 508
E-mail : dfo-nenmara.for@kerala.gov.in
ഫോൺ നമ്പർ 04923-243179

തിയ്യതി : 29.01.2026

## ദർഘാസ്/ലേല പരസ്യം

നെന്മാറ ഡിവിഷന്റെ പരിധിയിലുള്ള നെല്ലിയാമ്പതി ഫോറസ്റ്റ് റെയ്ഞ്ചിലെ തിരുവഴിയാട് സെക്ഷൻ പരിധിയിലുള്ള 1963 മയിലാടുംപരുത തേക്ക് തോട്ടം, ആലത്തൂർ റെയിഞ്ചിലെ മംഗലംഡാം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്ന 1962-65 യു.ടി.ടി. തേക്ക് തോട്ടം എന്നിവിടങ്ങളിൽ നിന്നും അടക്കിമുറി വഴി ശേഖരിച്ച തേക്ക് കഴകൾ, ബില്ലറ്റ്സ്, വിറക്, പലജാതി ഉൽപന്നങ്ങൾ എന്നിവ MSTC വഴി 5 തവണ ലേലം നടത്തിയിട്ടും വിറ്റു പോകാത്ത താഴെ പട്ടികയിൽ പരാമർശിക്കുന്ന ഉൽപ്പന്നങ്ങൾ നെല്ലിയാമ്പതി റെയിഞ്ചിലെ മാട്ടുപ്പാറ ഡംമ്പിംഗ് ഡിപ്പോ, ആലത്തൂർ റെയിഞ്ചിലെ കരിങ്കയം ഡംമ്പിംഗ് ഡിപ്പോ എന്നിവിടങ്ങളിൽ നേരിട്ട് ലേലം ചെയ്യുന്നതായിരിക്കും.

| Lot No | Species | Quantity | |
|---|---|---|---|
| 1963 മയിലാടുംപരുത തേക്ക് തോട്ടം - മാട്ടുപ്പാറ ഡംമ്പിംഗ് ഡിപ്പോ | | | |
| 2/25 | TG FIRE WOOD | 10 | MT |
| 3/25 | TG FIRE WOOD | 11.5 | MT |
| 6/25 | TG FIRE WOOD | 9.5 | MT |
| 11/25 | TG FIRE WOOD | 9 | MT |
| 12/25 | TG Billets BS | 8.3 | MT |
| 13/25 | TG Billets BS | 10.4 | MT |
| 16/25 | TG Billets BS | 7 | MT |
| 19/25 | TG FIRE WOOD | 6.6 | MT |
| 20/25 | TG Billets BS | 8.2 | MT |
| 21/25 | TG FIRE WOOD | 9.1 | MT |
| 22/25 | TG FIRE WOOD | 7.9 | MT |
| 23/25 | TG FIRE WOOD | 8.8 | MT |
| 24/25 | TG Billets BS | 9.5 | MT |
| 26/25 | TG FIRE WOOD | 8.5 | MT |
| 27/25 | TG Billets BS | 9.3 | MT |
| 28/25 | TG FIRE WOOD | 9.7 | MT |
| 29/25 | TG Billets BS | 9.1 | MT |

| | | | |
|---|---|---|---|
| 30/25 | TG Billets BS | 11.1 | MT |
| 32/25 | TG Billets BS | 11.8 | MT |
| 33/25 | TG FIRE WOOD | 10.3 | MT |
| 36/25 | TG Billets BS | 7.1 | MT |
| 39/25 | TG FIRE WOOD | 6.7 | MT |
| 40/25 | TG FIRE WOOD | 7 | MT |
| 1962-65 യു.ടി.ടി. തേക്ക് തോട്ടം- കരിങ്കയം | | | |
| 117/25 | TG Firewood | 10.4 | MT |
| 121/25 | TG Firewood | 10.6 | MT |
| 123/25 | TG Firewood | 11.3 | MT |
| 130/25 | TG Firewood | 9.5 | MT |
| 131/25 | TG Firewood | 9.8 | MT |
| 135/25 | TG Firewood | 10 | MT |
| 137/25 | TG Firewood | 10.2 | MT |
| 140/25 | TG Firewood | 8.6 | MT |
| 141/25 | TG Firewood | 10 | MT |
| 146/25 | TG Firewood | 9.6 | MT |
| 148/25 | TG Firewood | 9.3 | MT |

നിരതദ്രവ്യം : 20000/- രൂപ

ലേലത്തിയതിയും സ്ഥലവും : മാട്ടുപ്പാറ ഡംമ്പിംഗ് ഡിപ്പോ, നെല്ലിയാമ്പതി
**10.02.2026** തിയ്യതി രാവിലെ **11** മണിക്ക്

കരിങ്കയം ഡംമ്പിംഗ് ഡിപ്പോ, ആലത്തൂർ
**10.02.2026** തിയ്യതി ഉച്ചയ്ക്ക് **2** മണിക്ക്

അടുത്ത ലേലത്തിയതിയും സമയവും : **10.02.2026** ന് ലേലത്തിൽ ആരുംതന്നെ പങ്കുകൊള്ളാതിരിക്കുകയോ, ലേലം റദ്ദ് ചെയ്യുകയോ ചെയ്യുന്ന പക്ഷം പട്ടികയിൽ കാണിച്ച ഉൽപ്പന്നങ്ങൾ **13.02.2026, 17.02.2026,** തിയ്യതികളിൽ നിശ്ചിത സ്ഥലത്തും സമയത്തും ലേല പ്രകാരം വിൽപ്പന നടത്തുന്നതായിരിക്കും.

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
നെന്മാറ.

*D:\E Drive\GENERAL\A1\2025\KFDDO-55645-2025-DFONMR-A1 - dumping depot-notification.doc*

## ലേല നിബന്ധനകൾ

1. ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കൈയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് / ഡ്രൈവിങ്ങ് ലൈസൻസ് / പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇൻകം ടാക്സ് പാൻ കാർഡും നിരതദ്രവ്യം കെട്ടിവയ്ക്കുന്നതിനു മുൻപായി ഹാജരാക്കേണ്ടതാണ്. കൂടാതെ ലേല നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയാൽ തൻമൂലം സർക്കാരിന് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഈടാക്കാവുന്നതാണെന്ന് സമ്മതിച്ചുകൊണ്ട് ഒരു സമ്മതപത്രം ഒപ്പ് വയ്ക്കേണ്ടതാണ്. മേൽ വിവരിച്ച സർട്ടിഫിക്കറ്റോ, ഏതെങ്കിലും തിരിച്ചറിയൽ രേഖയോ ഹാജരാക്കാത്തവരെ ലേലത്തിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതല്ല.

2. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുൻപായി വിൽപ്പനയ്ക്ക് വെച്ചിരിക്കുന്ന വിഭവങ്ങളുടെ ഗുണനിലവാരവും മറ്റും നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലത്തിനുശേഷം ഈ വക കാര്യത്തെക്കുറിച്ചുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

3. വിജയിയായ ലേലക്കാരൻ ലേല വിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച 7 പ്രവർത്തി ദിവസങ്ങൾക്കകം ഇ- ടെണ്ടർ മുഖേന അടവാക്കേണ്ടതാണ്. ബാക്കി തുക ലേല ഉത്തരവ് ലഭിച്ച് 40 ദിവസത്തിനകം എല്ലാ നികുതികളും ഉൾപ്പെടെ അടവാക്കി രശീതി ഹാജരാക്കേണ്ടതാണ്. നിശ്ചിതതുക ഒടുക്കാതിരുന്നാൽ ലേലം റദ്ദ് ചെയ്തതായി കണക്കാക്കി നിരതദ്രവ്യം ഉൾപ്പെടെയുള്ള തുക സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതാണ്.

4. മേൽ സൂചിപ്പിച്ച 40 ദിവസത്തിനകം തുക അടയ്ക്കാത്തപക്ഷം പതിനെട്ട് ശതമാനം (18%) പലിശയോടു കൂടി ബാക്കി തുക അടക്കുന്നതിന് ഒരു മാസം (30 ദിവസം) വരെയും, ഇരുപത്തിനാല് ശതമാനം (24%) പലിശയും പിഴ പലിശയിന്മേൽ രണ്ടരശതമാനം (2.5%) ശതമാനം സർചാർജ്ജും ഈടാക്കി കൊണ്ട് അടുത്ത ഒരു മാസം വരെയും (30 ദിവസം) 36% പിഴപ്പലിശയും പിഴപലിശയിന്മേൽ 5% സർചാർജ്ജും ഈടാക്കി കൊണ്ട് വീണ്ടും ഒരു മാസം കൂടിയും (30 ദിവസം) ഇങ്ങനെ ആകെ 3 മാസം വരെ (90 ദിവസം) കാലാവധി ദീർഘിപ്പിച്ച് അനുവദിക്കുന്നതാണ്. അപ്രകാരം ദീർഘിപ്പിച്ച സമയപരിധിക്കകവും പണമടക്കാതെ വന്നാൽ, അടച്ച തുക സർക്കാരിലേക്ക് കണ്ടുകെട്ടുകയും ലേലം കൊണ്ട വഹകൾ വീഴ്ചക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം വഴി വിറ്റഴിക്കുന്നതുമാണ്. തന്മൂലം ഡിപ്പാർട്ട്മെന്റിന് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ആദ്യ ലേലക്കാരൻ ഉത്തരവാദിയാകുന്നതുമാണ്.

7. ലേലം നടത്തുന്ന ഉദ്യോഗസ്ഥന്റെ താഴെപ്പറയുന്ന അധികാരങ്ങൾ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

അ. ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റേയോ നിരതദ്രവ്യം യാതൊരു കാരണവും പറയാതെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്.

ആ. ലേലത്തിനായി പരസ്യപ്പെടുത്തിയ ഏതെങ്കിലും ലോട്ടുകൾ വിൽക്കാതിരിക്കുകയോ പരസ്യപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും ലോട്ട് വിൽക്കുകയോ ചെയ്യാവുന്നതാണ്.

ഇ. ലേലത്തിന് പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും നടപടികളിൽ ഏർപ്പെട്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ലേലക്കാരനെ ലേലത്തിൽ നിന്നോ ലേല സ്ഥലത്തു നിന്നോ പുറത്താക്കാവുന്നതാണ്.

(മറുപുറം)

ഉ. ലേലം വിളിക്കുന്നവർ പരോക്ഷമായി യോജിച്ച് സർക്കാരിനെ പ്രതികൂലമായി ബാധിക്കുന്ന നടപടികളിൽ ഏർപ്പെട്ട് പ്രതീക്ഷിച്ച വില ലഭിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടാൽ ലേലം നിർത്തി വയ്ക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

സർക്കാർ തടി ഡിപ്പോകളിൽ അതാത് കാലങ്ങളിൽ നിലവിലുള്ള പൊതു ലേല നിബന്ധനകൾ ഇ- ലേലത്തിന് ബാധകമായിരിക്കും.

ഈ ലേല പരസ്യം കേരളാ വനംവകുപ്പിന്റെ വെബ് സൈറ്റുകളായ www.forest.kerala.gov.in & www.fmiskerala.org എന്നിവയിലും ലഭ്യമാണ്.

പി. പ്രവീൺ
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ
(ബഹു. കേരള ഗവർണ്ണർക്കു വേണ്ടി)

D:\E Drive\GENERAL\A1\2025\KFDDO-55645-2025-DFONMR-A1 - dumping depot-notification.doc